# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4155** 25.06.2018 ലെ മറുപടി

### കടലുണ്ടിപ്പുഴയിലെ നമ്രാണി ചെക്ക് ഡാം

**ചോദ്യം**

**ശ്രീ. പി.ഉബൈദുള്ള :**

(എ) മലപ്പുറം നഗരസഭാ പരിധിയിലെ കടലുണ്ടിപ്പുഴയിലെ നമ്രാണി ചെക്ക് ഡാം പുതുക്കിപ്പണിയുന്നതിന് സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ചോർച്ച പരിഹരിക്കുന്നതിന് 160 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ എന്തെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) മലപ്പുറം നഗരസഭയിലേയും പരിസര പ്രദേശങ്ങളിലേയും പ്രധാന കടിവെള്ള സ്രോതസ്സായ നമ്രാണിയിൽ പുതിയ ചെക്ക് ഡാം നിർമ്മിക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

**മറുപടി**

**മാത്യു ടി. തോമസ്**
**(ജലവിഭവ വകുപ്പുമന്ത്രി)**

(എ) നമ്രാണി ചെക്ക് ഡാം പുതുക്കി പണിയുന്നതിന് നിലവിൽ പദ്ധതികൾ ഇല്ല.

(ബി)യും (സി)യും

ചോർച്ച പരിഹരിക്കുന്നതിന് പകരം ഒരു പുതിയ ചെക്ക്ഡാം പണിയുന്നതിനാണ് ജില്ല ഭരണകൂടം തീരുമാനിച്ചിട്ടുള്ളത്. കടലുണ്ടി പുഴയിൽ ജലസേചന വകുപ്പ് മുഖാന്തിരം നടന്നുകൊണ്ടിരിക്കുന്ന ഫ്ലഡ് പ്രോൺ ഏരിയ മാപ്പിംഗ് / കോണ്ടൂർ സർവ്വെ പൂർത്തിയാകുന്ന മുറയ്ക്ക് ചാമക്കയം തടയണയുടെയും നമ്രാണി തടയണയുടെയും ഇടയിൽ ഒരു ചെക്ക് ഡാം നിർമ്മിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ